കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി -7/1373/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി -09/10/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ്സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക

യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം.

3)കാര്യാലയപകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-7/1373/2017 തീയതി: 09/10/2017

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016 -2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവപ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24-10-2016 മുതൽ 30-6-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നുലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ഗീത.എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 3-7-2017 മുതൽ 14-7-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ശശിജോഷ്.എ | അസി. ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി.പത്മകുമാരി.എൽ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുബി.എസ് | സീനിയർ ഗ്രേഡ്ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുജാത മോഹൻ | 01-04-16മുതൽ 31-03-17 വരെ |
| സെക്രട്ടറി | ശ്രീ.ബി.അജയകുമാർ | 01-04-16മുതൽ 25-07-16 വരെ |
| | ശ്രീ.പി.ഒ.മാത്യു. | 25.07.16 മുതൽ 31-3-17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി. ഫ്ളോസിലാസ് | 01-04-16 മുതൽ 25-09-16 വരെ |
| | ശ്രീമതി.ലത.എസ് | 26-9-16 മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | ശ്രീ .താഹ | 01-04-16മുതൽ 31-03-17വരെ |
| വെറ്റിനറി സർജൻ | ഡോ.സിനി തോമസ്<br>ഡോ.പ്രദീപ് | 1-4-16 മുതൽ 9-09-16 വരെ<br>10-9-16 മുതൽ 31-3-17 വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി.എസ്.ഷീല | 01-04-16 മുതൽ 18-08-16 വരെ |
| | ശ്രീമതി.ലിജി | 19-08-16 മുതൽ 31-03-17 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ഗ്രേസി തോമസ് | 01-04-16 മുതൽ 31-03-17 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.അനൂപ് | 01-04-16മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ഷമ്മി | 01-04-16മുതൽ 31-03-17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജയശ്രീ | 01-04-16മുതൽ 31-03-17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സംഗീത | 01-04-16മുതൽ 31-03-17 വരെ |
| വി.ഇ.ഒ സർക്കിൾ -1 | ശ്രീ.ജയപ്രകാശ് | 01-04-16മുതൽ 31-03-17 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | കടമുറികളുടെ വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അലംഭാവം | 2-1 |
| 13 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽനികുതി പിരിച്ചില്ല. | 2-2 |
| 14 | തൊഴിൽനികുതി നിർണ്ണയ സ്റ്റേറ്റ്മെൻറ് വിശ്വാസയോഗ്യമല്ല-നടപടികളെടുത്തില്ല | 2-3 |
| 15 | ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് ലൈസൻസ് അധികവരുമാനത്തിന് ശ്രമിച്ചില്ല. | 2-4 |
| | ഭാഗം 3 | |
| 16 | ഓഫീസ് ക്യാബിൻ നിർമാണം-റബ്കോ അധികനിരക്ക് ഈടാക്കി-26,704/-രൂപ നഷ്ടം. | 3-1 |
| 17 | കുടിവെള്ളപദ്ധതി-മാനദണ്ഡങ്ങൾ പാലിയ്ക്കാതെ തുക നിക്ഷേപിച്ചു,പദ്ധതി പൂർത്തീകരണവിവരങ്ങൾ ഇല്ല. | 3-2 |
| 18 | പി.എം.എ.വൈ. വിഹിതം നൽകൽ - ഗുണഭോക്താക്കളുടെ വിവരങ്ങളോ വിനിയോഗവിവരങ്ങളോ ഇല്ല- 80,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-3 |

| | | |
|---|---|---|
| 19 | സംയുക്തപ്രോജക്റ്റിനായി ഫണ്ട് കൈമാറൽ-സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 3-4 |
| 20 | എസ്.എസ്.എ -മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ 3,00,000/-രൂപ ചെലവഴിച്ചു | 3-5 |
| 21 | ബന്ധപ്പെട്ട സെക്ഷൻ ചെയ്യേണ്ട പ്രവൃത്തിയ്ക്ക് പുറത്തുനിന്ന് ആളെ ഏർപ്പെടുത്തി -അധിക ചെലവ് 7,408/-രൂപ നിരാകരിക്കുന്നു | 3-6 |
| 22 | രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2,10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-7 |
| 23 | തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി കരാറുകാർ മുഖേന നടപ്പിലാക്കുന്നു, ഒപ്പം തൊഴിൽകൂലി ക്രമരഹിതമായി കെ.എസ്.ഇ.ബി-യ്ക്കും നൽകുന്നു. | 3-8 |
| 24 | ശാരീരികവൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-9 |
| 25 | ആയുർവേദമെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-2,10,808/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-10 |
| 26 | കന്നുകുട്ടിപരിപാലനംപദ്ധതി -വിനിയോഗരേഖകൾ ലഭ്യമാക്കാത്തത് | 3-11 |
| 27 | പാലിയേറ്റീവ്കെയർ പദ്ധതി-മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാത്തത് സംബന്ധിച്ച് | 3-12 |

| | | |
|---|---|---|
| 28 | തുല്യതാപഠനം -രേഖകൾ ഹാജരാക്കാത്തത്. | 3-13 |
| 29 | സബ്സിഡി തുക അധികമായി നല്കിയത്. | 3-14 |
| 30 | അസി.സെക്രട്ടറി നിർവ്വണോദ്യോഗസ്ഥയായ പദ്ധതികൾ സംബന്ധിച്ച്. | 3-15 |
| 31 | പി.എം.എ.വൈ. വിഹിതം നൽകൽ - ഗുണഭോക്താക്കളുടെ വിവരങ്ങളോ വിനിയോഗവിവരങ്ങളോ ഇല്ല.- 2,60,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-16 |
| 32 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -പദ്ധതി പരിശോധനയിലെ അപാകതകൾ. | 3-17 |
| 33 | കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ | 3-18 |
| 34 | സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം - അരി വിലയ്ക്ക് വാങ്ങിയത് സംബന്ധിച്ച് | 3-19 |
| 35 | വീടിന് സ്ഥലം -പിതാവിൽനിന്നും മകൾ ഭൂമി വാങ്ങിയത് | 3-20 |
| 36 | ലൈബ്രറി നടത്തിപ്പ് കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് | 3-21 |
| 37 | ആദ്യഗഡുക്കൾ കൈപ്പറ്റിയിട്ടും ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല | 3-22 |
| 38 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി -ജലസുഭിക്ഷപദ്ധതിയോ സാധനഘടകങ്ങൾ ഉൾപ്പെടുന്ന ഇതര പ്രവൃത്തികളോ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. | 3-23 |

| | | |
|---|---|---|
| | | |
| 39 | കെട്ടിടനിർമ്മാണപ്രോജക്റ്റുകൾ - മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല. | 3-24 |
| 40 | അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി-സർക്കാർ ഉത്തരവുപ്രകാരമുള്ള തുക ഈടാക്കിയിട്ടില്ല. | 3-25 |
| 41 | ഫണ്ടുകളുടെ വിനിയോഗത്തിൽ ഗുരുതര വീഴ്ച – 2,16,86,791/-രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല. | 3-26 |
| | ഭാഗം 4 | |
| 42 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 43 | ഡെപ്പോസിറ്റുവർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 45 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 51 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017 വർഷത്തെ പുതുക്കിയ ബജറ്റ് 4/3/16 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-17 | 29-6-17 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2016-2017 | 8-7-17 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

1.ആസ്തിയുടെ കൃത്യമായ മൂല്യം കണക്കാക്കി ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.ബജറ്റ് ഫംഗ്ഷൻ ഫംഗ്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കി സാംഖ്യയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

4.സാംഖ്യ-സഞ്ചയ സോഫ്റ്റവെയറുകളിൽ നികുതി വിവരങ്ങൾ അപ്ഡേറ്റ്ചെയ്ത് ഏകീകരിച്ചിട്ടില്ല. അതിനാൽ അക്കൗണ്ട്സിൽ വരവിനങ്ങളിൽ പലതിലും ഡിമാന്റ് തുക കുറഞ്ഞും വരുമാനം കൂടിയും ഇരിക്കുന്ന അവസ്ഥയിലാണ്.ഉദാ.വസ്തുനികുതി ഡിമാന്റ് കളക്ഷൻബാലൻസ് തുകകൾ അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല. നികുതി നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷികധനകാര്യപത്രികയിലെ വരവിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

5.വാടക കുടിശ്ശികയായി ലഭിക്കുവാനുള്ള 2,698/- രൂപ ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

6.അക്കൗണ്ട്സ്, രജിസ്റ്റർ എന്നിവപ്രകാരം മാർക്കറ്റ് വരവിനത്തിലുള്ള വരവുതുക 4,24,000/- രൂപയാണ്. എന്നാൽ അക്കൗണ്ട്സ്പ്രകാരം മാർക്കറ്റ് വരവ് തൻവർഷ ഡിമാന്റ് തുക 3,74,000/-രൂപയാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,36,18,133 |
| വരവ് | 6,44,04,327 |
| ആകെ | 7,80,22,460 |
| ചെലവ് | 6,10,73,364 |
| നീക്കിയിരിപ്പ് | 1,69,49,096 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 1,40,59,218 | 1,40,59,218 | 14,0,59,218 | | |
| വികസനഫണ്ട് എസ്.സി.പി. | | 90,11,875 | 90,11,875 | 90,11,875 | | |
| വികസനഫണ്ട് ടി.എസ്.പി. | | | | | | |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 20,56,905 | 20,56,905 | 20,56,905 | | |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | | 18,25,906 | 18,25,906 | 18,25,906 | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 48,61,583 | 48,61,583 | 48,61,583 | | |
| പെർഫോമൻസ് ഗ്രാന്റ് | | | | | | |
| എം.എൻ.ആർ. ഇ.ജി.എസ്. | 1,739 | 5,37,559 | 5,39,298 | 5,19,894 | 19,404 | |
| ബി ഫണ്ട് | | 10,02,840 | 10,02,840 | 10,02,840 | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ്വർഷം അംഗീകാരംലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം | പദ്ധതി അടങ്കൽ | നടപ്പാക്കി യത് | പദ്ധതി ചെലവ് | ഭാഗിക മായി | നടപ്പാ ക് | പൂർത്തീക രിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | | (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | കാത്തവ (എണ്ണം) | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | | 86 | 31818487 | | 62 | |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെപ്പറയും പ്രകാരം 9% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിവരവുകൾ | 77,63,860 | 83,51,691 | 5,87,831 | 8% |
| നികുതിയേതര വരവുകൾ | 25,79,404 | 27,05,230 | 1,45,826 | 5% |
| മറ്റുവരവുകൾ | 1,13,46,644 | 1,25,37,550 | 11,90,906 | 10% |
| ആകെ | 2,16,89,908 | 2,35,94,471 | 19,04,563 | 9% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,62,840/- | 306 |
| കർഷകതൊഴിലാളി പെൻഷൻ | 13,29,380/- | 182 |
| വിധവാപെൻഷൻ | 1,44,30,790/- | 1853 |
| വാർദ്ധക്യകാലപെൻഷൻ | 1,97,03,430/- | 2277 |
| വികലാംഗപെൻഷൻ | 44,58,835/- | 463 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,18,270/- | 44 |
| വിധവകളുടെ | 5,40,000/- | 18 |

| | | |
|---|---|---|
| പെൺമക്കൾക്കുള്ള വിവാഹധനസഹായം | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3-7-17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 10,945/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തൊഴിൽനികുതി, വാടക രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. വരവിനങ്ങളുമായി ബന്ധപ്പെട്ട രശീതികളുടെ രേഖപ്പെടുത്തലുകളിൽ പിഴവ് വരുത്തുന്നു. ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകൾ തുടർനടപടികൾ സ്വീകരിക്കാതെ സൂക്ഷിച്ചിരിക്കുന്നു. വരവിനങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സംഭവിച്ചിരിക്കുന്ന പിഴവ് പഞ്ചായത്തിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തനതുഫണ്ട്, ബി ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-6-17 | 5/17 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-12-13 | 2008-09 to 2012-13 | 27-1-14 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കടമുറികളുടെ വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അലംഭാവം

വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ കടമുറികളുടെ വാടകയിനത്തിൽ കുടിശ്ശിക കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| കടമുറി | വാടകക്കാരന്റെ പേര് | കുടിശ്ശിക |
|---|---|---|

| | | |
|---|---|---|
| ആലുംമൂട്-7 | ബാബുജി | 3,285 |
| പള്ളിമുക്ക്-2 | ശശിധരൻ | 2,468 |
| പള്ളിമുക്ക്-3 | ശശിധരൻ | 2,780 |
| പള്ളിമുക്ക്-5 | മനോജ് | 3,752 |
| പള്ളിമുക്ക്-6 | ശശിധരൻ | 4,193 |
| പള്ളിമുക്ക്-7 | റിഷാദ് | 6,293 |
| പള്ളിമുക്ക്-8 | ശശിധരൻ | 5,677 |
| ബസ് സ്റ്റാന്റ് -1 | നിസ്സാം | 588 |
| ബസ് സ്റ്റാന്റ് -2 | ഇക്ബാൽ | 25,264 |
| | ആകെ | 54,300 |

കുടിശ്ശിക പലിശസഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്

## 2-2 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽനികുതി പിരിച്ചില്ല

ഡി&ഒ രജിസ്റ്റർപ്രകാരം ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പട്ടികയിൽ വിവരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും 2016-17 വർഷം തൊഴിൽനികുതി പിരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മുരുക്കുംവീട്ടിൽ സ്കാൻസ്,കുണ്ടറ |
| 2 | അരുൺസ് ദന്തൽ ക്ലിനിക് |
| 3 | ഹരിശ്രീ റസിഡൻസി |
| 4 | ആരോൺ ക്ലിനിക്കൽ ലബോറട്ടറി |
| 5 | ചിന്നൂസ് ജ്വല്ലറി,മുക്കട |
| 6 | ചിന്നൂസ് ഫാഷൻ ജ്വല്ലറി ,ആശുപത്രിമുക്ക് |
| 7 | വി.കെ ദന്തൽ ക്ലിനിക് |
| 8 | റിലീഫ് ദന്തൽ കെയർ,പെരുമ്പുഴ |
| 9 | ഹോട്ടൽ റോയൽ ഫോർട്ട്,ആശുപത്രിമുക്ക് |
| 10 | എം.ആർ. ഹൈടെക് ദന്തൽ ലാബ്, അണ്ണാച്ചിമുക്ക് |

| | |
|---|---|
| 11 | രോഷ്നി ദന്തൽ ക്ലിനിക്,ഇളംപള്ളൂർ |
| 12 | ഡോ,നിബു ദന്തൽ ക്ലിനിക്,മുക്കട |
| 13 | രശ്മി സ്റ്റീൽ ഫർണിച്ചർ മാനഫാക്ചറിംഗ്,മുണ്ടക്കൽ |

ലൈസൻസ് അനുവദിക്കുന്ന വേളയിൽതന്നെ ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണംകൂടി ശേഖരിക്കേണ്ടതും അതനുസരിച്ച് തൊഴിൽനികുതി പിരിക്കേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി നിർണ്ണയസ്റ്റേറ്റ്മെൻറ് വിശ്വാസയോഗ്യമല്ല- നടപടികളെടുത്തില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സെന്റ് ആൻഡ്രൂസ് പബ്ലിക് സ്കൂൾ, കുണ്ടറ, പെനിയേൽ പബ്ലിക് സ്കൂൾ, എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി നിർണ്ണയ സ്റ്റേറ്റ്മെൻറ് വിശ്വാസയോഗ്യമല്ലാത്തതായി ഓഡിറ്റിൽ വിലയിരുത്തുന്നു. അദ്ധ്യാപകരുടെ പ്രതിമാസശമ്പളം 3,000/- രൂപയായും ഉത്സവബത്ത 3,200/-രൂപയായും കാണിച്ചിരിക്കുന്നു. മിനിമം വേജസ് ആക്ട് പരിധിയിലുള്ള ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി നിർണ്ണയ സ്റ്റേറ്റ്മെൻറുകൾ അംഗീകരിക്കാതിരിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി)ചട്ടങ്ങൾ 1996ചട്ടം 10 ഉപചട്ടം 3 പ്രകാരം നടപടികളെടുത്തിട്ടില്ല. ചട്ടങ്ങൾപ്രകാരം നടപടികൾ ഉണ്ടാവേണ്ടതും ഭാവിയിൽ വീഴ്ചകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് ലൈസൻസ് അധിക വരുമാനത്തിന് ശ്രമിച്ചില്ല

പഞ്ചായത്തുപരിധിയിൽ റോഡിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ട്. ആകെ 270 മീറ്റർ നീളത്തിന് 2,21,658/- രൂപ ലൈസൻസ് ഫീ ഒടുക്കിയിട്ടുമുണ്ട്. എന്നാൽ പഞ്ചായത്തുപരിധിയിൽ റോഡിൽ സ്ഥിരമായി കേബിൾ സ്ഥാപിക്കുന്നതിന് മറ്റൊരു വരുമാനവും പഞ്ചായത്തിന് ലഭ്യമല്ല. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 9 ഉപചട്ടം 3 പ്രകാരം സ്ഥിരമായി കേബിൾ സ്ഥാപിക്കുന്നതിന് സ്ഥലം പാട്ടത്തിന് നല്കാമായിരുന്നു. ഈ ഇനത്തിലുള്ള അധിക വരുമാനത്തിന് പഞ്ചായത്ത് ശ്രമിച്ചില്ല. കിട്ടാമായിരുന്ന അധികവരുമാനം ലഭിക്കാൻ നടപടികൾ ഉണ്ടാവേണ്ടതാണ്.

## ഭാഗം-3

### ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഓഫീസ് ക്യാബിൻ നിർമാണം-റബ്കോ അധിക നിരക്ക് ഈടാക്കി-26,704/-രൂപ നഷ്ടം.

റബ്കോയിൽനിന്ന് സംസ്കരിച്ച റബ്ബർതടികൾകൊണ്ടുള്ള മരഉരുപ്പടികൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിലേയ്ക്ക് സർക്കാർ നിശ്ചയിച്ച് നൽകിയതിനേക്കാൾ അധികനിരക്ക് "പാർട്ടിഷൻ" എന്ന ഇനത്തിന് നൽകിയത് മൂലം 26,704/-രൂപ നഷ്ടമായി.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത്ഓഫീസ് ക്യാബിൻനിർമാണം എന്ന പ്രോജക്ടിനായി (നം.12/17)റബ്കോ 30.03.16 ലെ ഇൻവോയ്സ് നം.RHW/15-16/677 പ്രകാരം 9,53,798/-രൂപയുടെ ക്യാബിൻ അനുബന്ധസാമഗ്രികൾ നൽകുകയും 15.10.16ലെ ബിൽനം.9/17 പ്രകാരം വികസനഫണ്ടിൽനിന്നും 9,00,000/-രൂപയും 11.01.17 ലെ വൗച്ചർ നം.21600904 പ്രകാരം തനതുഫണ്ടിൽ നിന്ന് 53,798/-രൂപയും ആയതിന്റെ വിലയായി നൽകുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ഇൻവോയ്സിലെ ക്രമനം.11 പ്രകാരം പാർട്ടീഷൻ എന്ന ഇനത്തിന് 3.20 ചതുരശ്രമീറ്ററിന് 33,459/-രൂപയുംപുറമേ 12.5% എക്സൈസ് ഡ്യൂട്ടി ഇനത്തിൽ 4,182.37/- രൂപയും 14.5%വാറ്റ് ഇനത്തിൽ 4851.55/-രൂപയുമുൾപ്പെടെ 42,492.92/-രൂപ ഈടാക്കിയിട്ടുണ്ട്.എന്നാൽ റബ്കോയിൽനിന്ന് മരഉരുപ്പടികൾ ടെണ്ടർകൂടാതെ വാങ്ങുന്നതിനുള്ള വിലകൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 24.06.14 ലെ ജി.ഒ (ആർ.ടി) നം.36/14/എസ്.പി.ഡി.ഉത്തരവുപ്രകാരം ഒരു ചതുരശ്രമീറ്റർ പാർട്ടീഷന് നൽകാവുന്ന തുക 3885/-രൂപയും നിയമാനുസൃത നികുതികളുമാണ്. ആയതുപ്രകാരം 3.20 ചതുരശ്രമീറ്ററിന് നൽകാവുന്ന തുക 12,432/-രൂപയും എക്സൈസ് ഡ്യൂട്ടിഇനത്തിൽ 1,554/-രൂപയും വാറ്റ് ഇനത്തിൽ 18,02.64/-രൂപയും ഉൾപ്പെടെ 15,788.64/-രൂപയാണ്.സർക്കാർ ഉത്തരവുപ്രകാരം നിശ്ചയിച്ച് നൽകിയതിനേക്കാൾ അധികമായി 26,704/-രൂപ റബ്കോ ഈടാക്കി.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി 10.07.17 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.4ന് അധികമായി നൽകിയ തുക തിരിച്ചുപിടിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുപ്രകാരം

അനുവദനീയമായതിനേക്കാൾ അധികമായി നൽകിയ 26,704/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിച്ച് നിരാകരണം തീർപ്പാക്കേണ്ടതാണ്.

**3-2** കുടിവെള്ള പദ്ധതി-മാനദണ്ഡങ്ങൾ പാലിക്കാതെ തുക നിക്ഷേപിച്ചു, പദ്ധതി പൂർത്തീകരണ വിവരങ്ങൾ ഇല്ല.

അക്രഡിറ്റഡ് ഏജൻസികൾമുഖേന പൊതുമരാമത്തുപ്രവൃത്തികൾ നിർവഹണം നടത്തുമ്പോൾ എസ്റ്റിമേറ്റ് തുകയുടെ 20% മാത്രമേ മുൻകൂർ നൽകാൻ പാടുള്ളു എന്ന് 30.7.14 ലെ ജി.ഒ.(പി) നം.311/14/ധന ഉത്തരവിൽ നിർദ്ദേശിച്ചിരിക്കെ സെക്രട്ടറി നിർവഹണം നടത്തിയ ചാങ്ങയിൽ കുടിവെള്ളപദ്ധതി എന്ന പ്രോജക്ടിനായി കേരള വാട്ടർ അതോറിട്ടിയുടെ എസ്റ്റിമേറ്റ്പ്രകാരമുള്ള തുക 4,53,000/-രൂപ പൂർണമായും പ്രസ്തുത സ്ഥാപനത്തിൽ ഒടുക്കി. പദ്ധതി പൂർത്തീകരണവിവരങ്ങൾ ഇല്ല. കുടിവെള്ളപദ്ധതിയുടെയും സർക്കാർ ഉത്തരവുപ്രകാരം ഒടുക്കാവുന്ന തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.- പേര് | വകയിരുത്തിയ തുക / ഫണ്ടിനം | ചെലവഴിച്ച തുക | ബിൽ നം./ തീയതി | ജി.ഒ.(പി) നം.311/14/ധന തീ.30.7.14 പ്രകാരം ഒടുക്കാവുന്ന തുക.(എസ്റ്റിമേറ്റ് തുകയുടെ 20%) | മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ അധികമായി നിക്ഷേപിച്ച തുക |
|---|---|---|---|---|---|
| 155/17- ചാങ്ങയിൽ കുടിവെള്ള പദ്ധതി | 4,53,211/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 4,53,000/- | 24/ 30.03.17 | 90,600/- | 3,62,400/- |

മേൽ സൂചന അപാകതയിൻമേൽ വിശദീകരണംതേടി 10.07.17 ൽ നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 4ന് വാട്ടർ അതോറിട്ടിയുടെ നിർമാണപ്രവർത്തനത്തിൽ കാലതാമസംനേരിട്ടാൽ പദ്ധതിവിഹിതം നഷ്ടമാവുമെന്ന കാരണത്താലാണ് മുഴുവൻ തുകയും ഒടുക്കിയതെന്നും പദ്ധതി പൂർത്തികരിച്ചിട്ടില്ലായെന്നും മറുപടി നൽകിയിട്ടുണ്ട്.

പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കുടിവെള്ളപദ്ധതിക്കായി നിക്ഷേപിച്ച

4,53,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.പദ്ധതി പൂർത്തീകരണവിവരങ്ങളും അളവ് പുസ്തകങ്ങളും ആകെ പ്രവൃത്തിമൂല്യരേഖകളും ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്. അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള പൊതുമരാമത്തുപ്രവൃത്തികളുടെ നിർവഹണം സംബന്ധമായ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിയ്ക്കേണ്ടതാണ്.

## 3-3 പി.എം.എ.വൈ. വിഹിതം നൽകൽ - ഗുണഭോക്താക്കളുടെ വിവരങ്ങളോ വിനിയോഗവിവരങ്ങളോ ഇല്ല.- 80,000/- രൂപ തടസ്സപ്പെടുത്തുന്നു.

പി.എം.എ.വൈ.യിലേക്ക് ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിൽനിന്ന് നിശ്ചയിക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം 4 ആണെന്ന് വ്യക്തമാക്കി മുഖത്തല ബ്ലോക്ക് പഞ്ചായത്ത് 14.01.16ൽ നൽകിയ എ2--656/16 -ാം നമ്പർ കത്തിനെത്തുടർന്ന് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ. പഞ്ചായത്തുവിഹിതം -മൈനോറിറ്റി എന്ന പ്രോജക്ട് (നം.3/16-17) പ്രകാരം വികസനഫണ്ടിൽനിന്നും 80,000/- രൂപ 14.11.16 ലെ ബിൽ നം. 12/16-17 പ്രകാരം പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ വിവരങ്ങളോ തുകയുടെ വിനിയോഗവിവരങ്ങളോ ലഭ്യമല്ല.

മേൽ സൂചന അപാകതയിൻമേലുള്ള വിശദീകരണം തേടി 10.07.17ൽ നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ബ്ലോക്ക് പഞ്ചായത്തിൽനിന്ന് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെയും തുക വിനിയോഗത്തിന്റെയും വിവരങ്ങളുടെയും അഭാവത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയ 80,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി 80,000/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 സംയുക്ത പ്രോജക്ടിനായി ഫണ്ട് കൈമാറൽ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ടൈ സ്കൂട്ടർ - പഞ്ചായത്ത് വിഹിതം അടയ്ക്കൽ എന്ന പദ്ധതിയ്ക്കായി സംയുക്തപ്രോജക്ട് നിർവഹണത്തിനുള്ള മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ തുക മുൻകൂറായി ജില്ലാപഞ്ചായത്തുഫണ്ടിൽ ഒടുക്കി. ഗുണഭോക്തൃലിസ്റ്റ്സഹിതം വിഹിതം ഒടുക്കണമെന്ന നിർദ്ദേശവും പാലിയ്ക്കപ്പെട്ടിട്ടില്ല.

സംയുക്തപ്രോജക്ടിൽ ഉൾപ്പെടുന്ന എൽ.എസ്.ജി.കളിൽ ഒന്നിനെ തുക വകയിരുത്തലിന്റെയോ നിർവഹണപ്രദേശത്തിന്റെയോ അടിസ്ഥാനത്തിൽ ലീഡ് പാർട്ണറായി നിശ്ചയിക്കണമെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ലീഡ്

പാർട്ണർ ബിൽ തയ്യാറാക്കി ഇതര പാർട്ണർ എൽ.എസ്.ജികൾക്ക് നൽകണമെന്നും പാർട്ണർ എൽ.എസ്.ജികൾ ഡിപിസി അംഗീകരിച്ചുള്ള തുകയ്ക്കുള്ള ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ച് തുക ലഭ്യമാകേണ്ടവരുടെ അക്കൗണ്ടിലേയ്ക്ക് നൽകണമെന്നും 19.05.15ലെ ജി(പി.)നം.187/15ഫിൻ.നം.ഉത്തരവിൽ വ്യക്തമാക്കിയിക്കെ ആയത് പരിഗണിയ്ക്കാതെ സെക്രട്ടറി നിർവഹണഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ടൈ സ്കൂട്ടർ - പഞ്ചായത്ത് വിഹിതം അടയ്ക്കൽ എന്ന പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിലുള്ള 1,00,000/-രൂപ 24.03.17ലെ ബിൽ നം.22/16-17പ്രകാരം വികസനഫണ്ടിൽനിന്നും മുൻകൂറായി പിൻവലിച്ച് ജില്ലാപഞ്ചായത്തുഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. സംയുക്തപ്രോജക്ടിനു വേണ്ടിയുള്ള ഗ്രാമപഞ്ചായത്തുവിഹിതം ഗുണഭോക്തൃലിസ്റ്റുസഹിതം ഒടുക്കണമെന്ന ജില്ലാപഞ്ചായത്തിന്റെ 19.12.16ലെ എ6-1982/16 നം.കത്തിലെ നിർദ്ദേശംപാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുനൽകിയതായോ തുക വിനിയോഗിച്ചതായോ വ്യക്തമാക്കുന്ന രേഖകളില്ല.

മേൽ സൂചന അപാകതയിൻമേൽ വിശദീകരണം തേടി 10.07.17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4 ന് 15.07.17 തീയതിയോടുകൂടി മാത്രമേ ജില്ലാ പഞ്ചായത്ത് തുക ചെലവഴിക്കുകയുള്ളുവെന്നും ആയതിനുശേഷം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മതിയായ രേഖകളുടെ അഭാവത്തിൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 1,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ വിവരങ്ങളും തുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്. സംയുക്തപ്രോജക്ട്നിർവഹണം സംബന്ധമായി കാലകാലങ്ങളിൽ സർക്കാർ പുറപ്പെടുവിയ്ക്കുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**3-5** എസ്.എസ്.എ ഗ്രാമപഞ്ചായത്ത് വിഹിതം-മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ പ്രത്യേക ഘടകപദ്ധതി ഫണ്ടിൽനിന്ന് **3,00,000/-**രൂപ ചെലവഴിച്ചു.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.എസ്.എ പഞ്ചായത്ത് വിഹിതം(എസ്.സി.പി.) എന്ന പ്രോജക്ടിൽ(നമ്പർ 6/16-17)പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള ഫണ്ടുവിനിയോഗം സംബന്ധമായ മാർഗനിർദ്ദേശങ്ങൾപാലിക്കാതെ 3,00,000/-രൂപ ചെലവഴിച്ചു. വിദ്യാലയങ്ങളിലെ പൊതുവിഭാഗം, പട്ടികജാതിവിഭാഗം, പട്ടികവർഗ്ഗവിഭാഗം കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ എസ്.എസ്.എ ഫണ്ട് വകയിരുത്താവുന്നതാണെന്നും ആയതിലേക്ക് ഓരോ സ്കൂളിലെയും ഓരോ വിഭാഗം കുട്ടികളുടെയും എണ്ണവും ശതമാനവും സംബന്ധിച്ച സ്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം നിർബന്ധമായും പ്രോജക്ടിനോടൊപ്പം സമർപ്പിച്ചിരിക്കണമെന്നും 11.01.16 ലെ സർക്കാർ ഉത്തരവ്

(എം.എസ്.) നം. 4/2016 ത.സ്വ.ഭ.വ. ഉത്തരവുപ്രകാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പുതുക്കിയ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരിക്കെ പട്ടികജാതിവിഭാഗം കുട്ടികളുടെ എണ്ണം സംബന്ധിച്ച രേഖകൾ തയ്യാറാക്കാതെയാണ് 29.09.16ലെ ബിൽ നമ്പർ 6/16-17പ്രകാരം പ്രത്യേക ഘടകപദ്ധതിപ്രകാരം വികസനഫണ്ടിൽനിന്നും 3,00,000/- രൂപ ചെലവഴിച്ചിരിക്കുന്നത്.

പ്രസ്തുത അപാകതയിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി 10.07.17ൽ നൽകിയ ഓഡിറ്റ്എൻക്വയറി നം.4ന് കുണ്ടറ ബി.ആർ സി.യിൽനിന്ന് ലഭിച്ച കത്തുപ്രകാരം പൊതുവിഭാഗത്തിൽ 2247 കുട്ടികളും പട്ടികജാതിവിഭാഗത്തിൽ 923 കുട്ടികളും ഉൾപ്പെട്ടതായി കാണുന്നു എന്ന് മറുപടി നൽകിയിട്ടുണ്ട്. എസ്.എസ്.എ ഫണ്ട് വകയിരുത്തുമ്പോൾ വിദ്യാലയങ്ങളിലെ പൊതുവിഭാഗം, പട്ടികജാതിവിഭാഗം, പട്ടികവർഗ്ഗ വിഭാഗം കുട്ടികളുടെ എണ്ണവും ശതമാനവും സംബന്ധിച്ച സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ സാക്ഷ്യപത്രം ഹാജരാക്കി, പ്രത്യേകഘടകപദ്ധതിപ്രകാരമുള്ള വികസനഫണ്ടിൽനിന്ന് വകയിരുത്തിയ തുക പട്ടികജാതിവിഭാഗം കുട്ടികളുടെ എണ്ണത്തിന് ആനുപാതികമാണെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 3-6 ബന്ധപ്പെട്ട സെക്ഷൻ ചെയ്യേണ്ട പ്രവൃത്തിയ്ക്ക് പുറത്തു നിന്ന് ആളെ ഏർപ്പെടുത്തി -അധിക ചെലവ് 7,408/-രൂപ നിരാകരിക്കുന്നു

പുതിയതായി അനുവദിച്ച ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ സേവന സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് താഴെ വിവരിക്കുന്ന വൗച്ചറുകൾപ്രകാരം ചെലവ് ഉണ്ടായിട്ടുണ്ട്. ആയത് ബന്ധപ്പെട്ട സെക്ഷൻ ചെയ്യേണ്ട പ്രവൃത്തിയായതിനാൽ ചെലവുതുകയായ 7,408/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

| വൗച്ചർ നം-തീയതി | നിരക്ക് | തുക | കൈപ്പറ്റിയ ആൾ |
|---|---|---|---|
| 21600105/11-05-16 | 365x8 | 2,920 | ശ്രീഹരി പാലാഴി, ചോനംചിറ |
| 21600716/30-11-16 | 561x8 | 4,488 | ശ്രീഹരി പാലാഴി, ചോനംചിറ |
| | ആകെ | 7,408 | |

ഈ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-7 രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2,10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മഴക്കാലപൂർവ്വ ശുചീകരണത്തിനായി വൗച്ചർ നം.21600376 തീയതി 30-08-16 പ്രകാരം 2,10,000/- രൂപയുടെ ചെലവ് ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല. തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ 1-4-16ലെ സർക്കുലർ നമ്പർ 201/ഡിഡി/16 ലെ ഖണ്ഡിക 15 പ്രകാരം മഴക്കാലപൂർവ്വ ശുചീകരണക്യാമ്പയിനും ശുചിത്വപ്രവർത്തനങ്ങളും സെക്രട്ടറിയുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ ആയിരിക്കേണ്ടതാണ്. ചെലവ് സംബന്ധിച്ച വൗച്ചറുകൾ ക്യാമ്പയിൻ അവസാനിച്ച് ഒരാഴ്ചയ്ക്കകം സെക്രട്ടറി വാർഡ് സമിതികളിൽനിന്നും ശേഖരിക്കുകയും കമ്മിറ്റിയുടെ അംഗീകാരത്തോടെ വിനിയോഗസർട്ടിഫിക്കറ്റ് ഏജൻസിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇവിടെ തുക മെഡിക്കൽ ഓഫീസർക്ക് അനുവദിക്കുക മാത്രമാണുണ്ടായത്. രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2,10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**3-8** <u>തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി കരാറുകാർ മുഖേന നടപ്പിലാക്കുന്നു, ഒപ്പം തൊഴിൽകൂലി ക്രമരഹിതമായി കെ എസ് ഇ ബി യ്ക്കും നൽകുന്നു.</u>

തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള തൊഴിൽ കൂലി ഉൾപ്പെടെയുള്ള തുക കെ.എസ്.ഇ.ബി യിൽ ഒടുക്കുകയും എന്നാൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സ്വകാര്യവ്യക്തികളെ ഏൽപ്പിച്ച് തൊഴിൽകൂലി നൽകുകയും ചെയ്യുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വർഷങ്ങളായി ഗണനിയമായ തുക നഷ്ടമാവുന്നു.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2016-17ൽ സ്പിൽ ഓവർ ആയി നടപ്പിലാക്കിയ തെരുവുവിളക്കുകൾക്ക് ഏ.എം.സി ഏർപ്പെടുത്തൽ(പ്രോ.നം 14/17) എന്നീ പ്രോജക്ടുപ്രകാരം തെരുവുവിളക്കുകൾ മാറ്റി സ്ഥാപിയ്ക്കുന്നതിനായി തനതുഫണ്ടിൽ നിന്നും 1,57,624/-രൂപ സ്വകാര്യ കരാറുകാർക്ക് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം./ പേര് | മാറ്റി സ്ഥാപിച്ച തെരുവുവിളക്കുകളുടെ എണ്ണം | ഫിറ്റിംഗ് ചാർജായ നൽകിയ തുക | വൗച്ചർ നം/ ചെക്ക് നം/ തീയതി | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|---|---|
| തെരുവുവിളക്കുകൾക്ക് ഏ.എം.സി ഏർപ്പെടുത്തൽ (പ്രോ.നം | ഡബിൾ ട്യൂബ് 233 സിംഗിൾ ട്യൂബ് 813 സി എഫ് എൽ 243 | 1,57,624/- | വൗച്ചർ നം.21600467/ 09.09.2016 ചെക്ക് നം.102164/ 09.09.2016 | ശ്രീ.ഷാജി.എസ്. |

| | | | | |
|---|---|---|---|---|
| 14/17) | | | | |

തെരുവുവിളക്കുകൾക്ക് ആവശ്യമായ ബൾബ്,ട്യൂബ്, ചോക്ക്, ഹോൾഡർ, സ്റ്റാർട്ടർ മുതലായവ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാങ്ങി നൽകുന്ന സാഹചര്യത്തിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക, അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഊർജവകുപ്പ് 22.3.1997 ൽ പുറപ്പെടുവിച്ച സ.ഉ(എം.എസ്)നം.13/97 /പി.ഡി ഉത്തരവിന്റെ തുടർച്ചയായി തെരുവുവിളക്കുകൾക്കുള്ള താരിഫ് നിശ്ചയിച്ചുകൊണ്ട് കെ.എസ്.ഇ.ബി. പുറപ്പെടുവിച്ച 12/1/98 ലെ ബി.ഒ(നം) 106/98 /(പ്ലാനിംഗ് കൊമേഴ്സ്യൽ 3515/98) ഉത്തരവിൽ തെരുവുവിളക്കുകൾക്കുള്ള എനർജിചാർജ്, വൈദ്യുതിലൈൻ പരിപാലനചെലവ്, കണക്ടിംഗ് വയർ,തെരുവുവിളക്കുകൾ മാറ്റിയിടൽചെലവ്, തെരുവുവിളക്കുകൾ പുതുതായി സ്ഥാപിക്കുന്നതിനുള്ള തൊഴിൽചെലവ് മുതലായവ താരിഫിൽ ഉൾപ്പെടുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം നിശ്ചയിച്ച നിരക്കുകൾക്ക് കാലകാലങ്ങളിൽ വർദ്ധനവുവരുത്തി കെ.എസ്.ഇ.ബി. ഈടാക്കിക്കൊണ്ടിരിക്കുന്നു. തെരുവുവിളക്കുകൾ മാറ്റിയിടൽ ചെലവ് ഉൾപ്പെടെ താരിഫിൽ ഉൾചേർന്നിരിക്കുന്നതായി വ്യക്തമാക്കിയിരുന്ന ഒരു ഘടകവും പുതുക്കിയനിരക്ക് നിർണയത്തിൽ ഒഴിവാക്കിയിട്ടില്ല. പുതുക്കിയനിരക്ക് അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തുപരിധിയിലുള്ള തെരുവുവിളക്കുകൾക്കുള്ള താരിഫ് പ്രതിമാസം 1,52,771/- രൂപ എന്ന് കണക്കാക്കി കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുകയാണ്.

തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിന് സ്വകാര്യ കരാറുകാർക്ക് തൊഴിൽകൂലി നൽകുകയും ഒപ്പംതന്നെ തെരുവുവിളക്കുകൾക്കുള്ള താരിഫിന്റെ ഭാഗമായി പ്രസ്തുത തെരുവുവിളക്കുകൾ മാറ്റിസ്ഥാപിച്ചതിനുള്ള തൊഴിൽകൂലി ഉൾപ്പെടെയുള്ള തുക കെ.എസ്.ഇ.ബി.യിൽ ഒടുക്കുകയും ചെയ്യുന്നത് ക്രമരഹിതമാണ്.

സ്വകാര്യ ഏജൻസികൾക്ക് തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിന് തൊഴിൽകൂലി ഇനത്തിൽ നൽകിയതുകയ്ക്ക് തത്തുല്യമായ തുക തെരുവുവിളക്കുകൾക്കുള്ള താരിഫിൽനിന്നും കുറവുചെയ്തുമാത്രം കെ.എസ്.ഇ.ബി.യിൽ ഒടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 10.07.17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.3-ന് തെരുവുവിളക്ക് മാറ്റിയിടൽ ചെലവ് ഒഴിവാക്കി പുതുക്കിയനിരക്കിലുള്ള താരിഫ് നൽകണമെന്നും കൂടാതെ മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് എസ്റ്റിമേറ്റ് നൽകണമെന്നും അറിയിച്ചുകൊണ്ട് കെ.എസ്.ഇ.ബി.യിൽ കത്ത് നൽകിയതായി മറുപടി നൽകിയിട്ടുണ്ട്.

തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിക്ക് വർഷങ്ങളായി സ്വകാര്യ

കരാറുകാർക്ക് തൊഴിൽകൂലി നൽകുകയും ആയത് ഇപ്പോഴും തുടരുകയും ചെയ്യുമ്പോഴും കെ.എസ്.ഇ.ബി.യിൽ ഒടുക്കുന്ന താരിഫിന്റെ ഭാഗമായി പ്രസ്തുത തെരുവുവിളക്കുകൾ മാറ്റിസ്ഥാപിച്ചതിനുള്ള തൊഴിൽകൂലി ഉൾപ്പെടെയുള്ള തുക നൽകുന്നതിലൂടെ പഞ്ചായത്ത് ഫണ്ട് ദുർവ്യയം ചെയ്യുന്നതായും ഫണ്ടിന്റെ കാര്യക്ഷമമായ വിനിയോഗത്തിൽ കാര്യനിർവഹണാധികാരികളും കാര്യനിർവഹണോദ്യോഗസ്ഥനും അനാസ്ഥ കാണിക്കുന്നതായി വ്യക്തമാവുന്നു.

തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി സ്വകാര്യകരാറുകാർക്ക് നൽകിയിട്ടുള്ളതിനാൽ കെ.എസ്.ഈ.ബി.യിൽ ഒടുക്കുന്ന താരിഫ് പ്രസ്തുത ഇനം ഒഴിവാക്കി പരിഷ്കരിക്കുന്നതിനും തുക ഒടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ശാരീരിക വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം SO.075/17
നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ തുക-3,00,000/-
ചെലവഴിച്ച തുക-3,00,000/-(ബിൽ നം.4/24.1.17)

ശാരീരികവൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള പദ്ധതി നിർവ്വഹണത്തിൽ ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പുവിലയും നിശ്ചയിച്ചശേഷമേ പ്രോജക്റ്റ് തയ്യാറാക്കാവൂ എന്നും പദ്ധതി തയ്യാറാക്കുന്നതിനുമുമ്പ് ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയക്യാമ്പ് നടത്തണമെന്നും സ്പെഷ്യലിസ്റ്റ് മെഡിക്കലോഫീസർ, ഓർത്തോട്ടിക് എഞ്ചിനീയർ, പ്രോസ്റ്റെറ്റിക് എഞ്ചിനീയർ, ഓഡിയോളജിസ്റ്റ്, ഓപ്റ്റോമെട്രിസ്റ്റ് എന്നിവരടങ്ങുന്ന സംഘം പരിശോധന നടത്തണമെന്നും ഇതിന് DDRC, മെഡിക്കൽകോളേജ്, സാമൂഹ്യസുരക്ഷാമിഷൻ എന്നിവയുടെ സഹായം തേടാവുന്നതാണെന്നും, ഏതെങ്കിലും ഏജൻസിയേയോ സ്ഥാപനത്തെയോ ക്യാമ്പ് നടത്താൻ ചുമതലപ്പെടുത്താവുന്നതല്ല എന്നും മാർഗ്ഗരേഖകളിൽ വ്യക്തമാക്കുന്നുണ്ട്. മേൽ പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പദ്ധതിയിൽ ക്യാമ്പ് നടത്തിയിരിക്കുന്നത് കെൽട്രോൺ ആണ്. (കെൽട്രോണിന്റെ ലറ്റർ പാഡിൽ അവർ ചുമതലപ്പെടുത്തിയ ഓർത്തോ ഡോക്ടറാണ് ആവശ്യകത നിർണ്ണയിച്ചിരിക്കുന്നത്,മറ്റ് രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.).കെൽട്രോൺ ഇൻഡന്റ് തയ്യാറാക്കി അതിൻപ്രകാരം സപ്ലൈ ഓർഡർ നല്കുന്നതിനായി

നിർവ്വഹണോദ്യോഗസ്ഥയ്ക്ക് അയച്ചുകൊടുത്തിരിക്കുന്നു.

2.26 ഹിയറിംഗ് എയിഡുകൾ വാങ്ങിയിട്ടുണ്ടെങ്കിലും അവയുടെ ആവശ്യകത നിർണ്ണയിച്ചു കൊണ്ടുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.(ഓർത്തോ ഡോക്ടർ കെൽട്രോണിന്റെ ലറ്റർ പാഡിൽ നല്കിയ ഓർത്തോ സംബന്ധമായ വൈകല്യത്തിന്റെ പേര് സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

3.അക്കോമഡേറ്റീവ് ഫുട്ട്‌വെയർ ഒരാൾക്ക് മാത്രമാണ് ഡോക്ടർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 7 വ്യക്തികൾക്ക് വിതരണം ചെയ്തിരിക്കുന്നു.

4.മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ചോദിച്ചുകൊണ്ട് നല്കിയ എൻക്വയറിക്ക് (13/13-7-17)മറുപടിയായി മുൻ നിർവ്വണോദ്യോഗസ്ഥ നടപ്പിലാക്കിയ സ്പിൽഓവർ പദ്ധതിയ്ക്ക് തുക പിൻവലിച്ചു നല്കിയതു മാത്രമാണെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.മതിയായ രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുക 3,00,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 ആയുർവേദമെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ- 2,10,808/- രൂപയുടെമരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

ആയുർവേദമെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലുൾപ്പെടുത്തി മരുന്നുവാങ്ങുന്നതിനായി ഹോംകോ, ഔഷധി എന്നീ സ്ഥാപനങ്ങളിൽ തുക മുൻകുറായി നിക്ഷേപിച്ചെങ്കിലും മരുന്നുകൾ ഓഡിറ്റ് കാലയളവിലും പൂർണ്ണമായി ലഭ്യമായിട്ടില്ല. മരുന്ന് വാങ്ങുന്നതിനായി ഔഷധിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരം | നിക്ഷേപിച്ച തുക, സ്ഥാപനം | ബിൽ നം, തീയതി | ലഭിച്ച മരുന്നുകളുടെ വില | ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|
| ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ, 78/17(MGNR) | 2,00,000/- (കേരള ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് | 4/24-11-16 | nil | 2,00,000/- |

| | | | | |
|---|---|---|---|---|
| | സൊസൈറ്റി) | | | |
| ആയുർവേദ ആശുപത്രിയിലേക്ക് മരുന്നവാങ്ങൽ,77/17 (MGNR) | 3,00,000/- (ഔഷധി) | 2/11-11-16 | 2,89,192/- | 10,808/- |
| | | | ആകെ | 2,10,808/- |

ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 2,10,808/--രൂപ തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകൾ ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 <u>കന്നുകുട്ടി പരിപാലനംപദ്ധതി -വിനിയോഗരേഖകൾ ലഭ്യമാക്കാത്തത്</u>

പ്രോജക്റ്റ് നം എസ്.ഒ.081/17

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ.

പദ്ധതി വിഹിതം-വികസനഫണ്ട് (gen)-6,25,000/-

സംസ്ഥാന വിഹിതം-6,25,000/-

ചെലവഴിച്ച തുക-6,25,000/-(ബിൽ നം 1/30-1-17)

മേൽ പദ്ധതിപ്രകാരം 100 ഗുണഭോക്താക്കൾക്ക് കന്നുകുട്ടി ഒന്നിന് 6,250/- രൂപ സബ്സിഡിനിരക്കിൽ (പഞ്ചായത്ത് വിഹിതം)6,25,000/- കാഫ് ഫീഡ് അസിസ്റ്റന്റ് പേർക്ക് നല്കിയിരുന്നെങ്കിലും (കന്നുകുട്ടികളെ എൻറോൾ ചെയ്യതിട്ടുണ്ട്) തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽപദ്ധതിക്ക് വേണ്ടി ചെലവഴിച്ച 6,25,000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 <u>പാലിയേറ്റീവ് കെയർ പദ്ധതി മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)) നിർവഹണ ഉദ്യോഗസ്ഥയായി 2016-17 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ പാലിയേറ്റീവ്കെയർ പദ്ധതിവഴി മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ്നം 79/17(വികസനഫണ്ട്(ജനറൽ))ഇനത്തിൽ 6,49,359/-രൂപയും ബ്ലോക്ക് വിഹിതമിനത്തിൽ 44,89,10/-രൂപയും ഉൾപ്പടെ ആകെ 11,48,269/രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ മേൽ പദ്ധതിപ്രകാരം കേരള മെഡിക്കൽ

സർവ്വീസസ് കോപ്പറേഷനിൽനിന്നും മരുന്നും, ഉപകരണങ്ങളും വാങ്ങുന്നതിനായി 7,98,269/-രൂപ (ബിൽ നമ്പർ. 3/21.3.17, 2,00,000/- ബിൽ നമ്പർ. 4/25.3.17, 1,49,359/- ചെക്ക് നം295281/27.3.17) നല്കിയിട്ടുണ്ടെങ്കിലും യാതൊരു മരുന്നുകളും ഉപകരണങ്ങളും കേരള മെഡിക്കൽ സർവ്വീസസ് കോപ്പറേഷനിൽ നിന്നും ഇതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. തുക 7,98,269/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 തുല്യതാപഠനം -രേഖകൾ ഹാജരാക്കാത്തത്

എച്ച്.എം നിർവ്വണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽപദ്ധതിയിൽ
(നം. 124/17, അടങ്കൽ തുക 1,50,000/-(തനത്ഫണ്ട്, ചെലവഴിച്ച തുക 22,400/-(3497028/31-3-17)

തുല്യതാപഠനത്തിനായി 14 പേരുടെ ഫീസിനത്തിൽ 22,400/-രൂപ സാക്ഷരതാമിഷനിൽ ഒടുക്കവരുത്തിയിട്ടുണ്ടെങ്കിലും തുകയുടെ കൈപ്പറ്റ് രസീതോ വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് ഹാജരായതിന്റെയോ പാസ്സായതിന്റെയോ രേഖകളോ ഹാജരാക്കിയിട്ടില്ല. (വിദ്യാർത്ഥികളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്). മതിയായ രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക രൂപ 22,400/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 സബ്സിഡി തുക അധികമായി നല്കിയത്

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കിണർ നിർമ്മാണപദ്ധതികളിൽ ചുവടെ ചേർക്കുന്നവയിൽ സബ്സിഡിതുക വാല്യേഷൻ പ്രകാരമുള്ള തുകയുടെ 75% ലും അധികരിച്ച് നല്കിയിരിക്കുന്നതായി കണ്ടു. മാർഗ്ഗരേഖപ്രകാരം നല്കേണ്ടിയിരുന്ന സബ്സിഡി വാല്യേഷൻ പ്രകാരമുള്ള തുകയുടെ 75% വും നല്കാവുന്ന പരമാവധി തുക 17,000/- രൂപയും ആണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പ്രോജക്റ്റ് നം ബിൽ നം | വാല്യേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ചെലവായ തുക | നല്കാവുന്ന സബ്സിഡി | നല്കിയ സബ്സിഡി | അധികം |
|---|---|---|---|---|---|---|
| 1 | റഷീദാബീവി, റഷീദാമൻസിൽ, വാർഡ് 11 | S0097/17 | 22,000/- | 16,500/- | 17,000/- | 500/- |
| 2 | സബിത അരുൺ, ഇടയിലഴികത്ത് വീട് വാർഡ് 21 | | 22,000/- | 16,500/- | 17,000/- | 500/- |
| 3 | സൂസമ്മ, | | 22,000/- | 16,500/- | 17,000/- | 500/- |

| | | | | | | |
|---|---|---|---|---|---|---|
| | സിജോഭവൻ, വാർഡ് 18 | | | | | |
| 4 | സരസ്വതി, ചെങ്കിലാത്ത് വീട്, വാർഡ് 15 | | 22,000/- | 16,500/- | 17,000/- | 500/- |
| 5 | ഓമന, പനംകുറ്റിവിള, വാർഡ് 3 | | 21,477/- | 16,108/- | 17,000/- | 892/- |
| 6 | സജീവ്, സുനിൽ ഭവനം, വാർഡ് 12 | | 22,000/- | 16,500/- | 17,000/- | 500/- |
| | | | | | ആകെ | 3392/- |

മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (18/14-7-17) ലഭ്യമാക്കിയ മറുപടിയിൽ വാല്യുവേഷൻസർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയിലും കൂടുതൽ ചെലവഴിച്ചിട്ടുണ്ടെന്നും ജോലിത്തിരക്കുമൂലം വാല്യേഷൻ സർട്ടിഫിക്കറ്റുകൾ ഒരുമിച്ച് തയ്യാറാക്കിയപ്പോൾ പറ്റിയ അപാകതയാണെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. അംഗീകരിക്കാവുന്ന രേഖയായ വാല്യേഷൻസർട്ടിഫിക്കറ്റിലും അധികമായി നല്കിയ തുക ഗുണഭോക്താക്കളിൽനിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-15 അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികൾ സംബന്ധിച്ച്

1.പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം -(s027/17 വികസനഫണ്ട് scp-5,70,000/- ചെലവഴിച്ച തുക 3,08,525/-(ബിൽ നം. 6/28-10-16, 2,35,050/- ബിൽ നം9/23-12-16,73,475/-)

മേൽ പദ്ധതിവഴി രണ്ട് ഘട്ടങ്ങളിലായി 63 സൈക്കിളുകൾ (ഒന്നാം ഘട്ടം 48, രണ്ടാം ഘട്ടം 15) വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഇതിന്റെ വിതരണരേഖകൾ പരിശോധിച്ചതിൽ ആദ്യഘട്ടത്തിൽ 47 എണ്ണവും രണ്ടാംഘട്ടത്തിൽ 12 എണ്ണവും ഉൾപ്പെടെ ആകെ 59 സൈക്കിളുകൾ വിതരണം ചെയ്തതായി രേഖകൾ (വിതരണരജിസ്റ്റർ, കൈപ്പറ്റുരസീത്) പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. എന്നാൽ വിതരണം ചെയ്യാത്ത സൈക്കിളുകളുടെ ഭൗതിക പരിശോധനയിൽ ക്ലോസിംങ് ബാലൻസായി കാണേണ്ട 4 സൈക്കിളുകൾക്ക് പകരം 3 സൈക്കിളുകൾ മാത്രമാണുണ്ടായിരുന്നത്. സ്റ്റോക്കിൽ കുറവുവന്ന സൈക്കിളിന്റെ വിലയായ 4,643/-രൂപ തടസ്സപ്പെടുത്തുന്നു. വിതരണം ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഒടുക്കുവരുത്തേണ്ടതുമാണ്.

2.സൈക്കിളുകൾ വിതരണം ചെയ്യാനവശേഷിക്കുന്നത്.

ധനവിനിയോഗമാർഗ്ഗരേഖ, സബ്സിഡിമാർഗ്ഗരേഖ, സ്റ്റോർപർച്ചേസ് മാന്വൽ എന്നിവയിൽ ആവശ്യമായ എണ്ണം തിട്ടപ്പെടുത്തി വാങ്ങലുകൾ നടത്തണമെന്നും ഭാവിയിൽ ആവശ്യം വരുമെന്ന നിഗമനത്തിൽ മുൻകൂറായി പണം പിൻവലിച്ച് ചെലവഴിക്കരുതെന്നും വ്യക്തമാക്കുന്നുണ്ട്. കൂടാതെ ഉപകരണങ്ങൾ മുൻകൂറായി വാങ്ങി ദീർഘകാലം സ്റ്റോക്കിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. അതിനാൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന സൈക്കിളുകൾ അർഹരായവർക്ക് വിതരണംചെയ്ത് രേഖാമൂലം ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. മേൽവിവരം സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/14.7.17) സൈക്കിളുകൾ വിതരണം ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-16 പി.എം.എ.വൈ. വിഹിതം നൽകൽ - ഗുണഭോക്താക്കളുടെ വിവരങ്ങളോ വിനിയോഗ വിവരങ്ങളോ ഇല്ല.- 2,60,000/- രൂപ തടസ്സപ്പെടുത്തുന്നു

പി.എം.എ.വൈ.യിലേക്ക് ഇളമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ നിശ്ചയിക്കപ്പെട്ട എസ്.സി. ഗുണഭോക്താക്കളുടെ എണ്ണം 13 ആണെന്നും ഗുണഭോക്താവൊന്നിന് 20,000/- രൂപ നിരക്കിൽ 12 ഗുണഭോക്താക്കൾക്കായി 2,60,000/-ഒടുക്കണമെന്നും മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽനിന്നും ആവശ്യപ്പെട്ടതിനെത്തുടർന്ന് അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ.വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം (പ്രോ.നം.115/17)പ്രത്യേക ഘടകപദ്ധതിപ്രകാരമുള്ള വികസനഫണ്ടിൽനിന്നും 22.12.16ലെ ബിൽ നം.11/16-17 പ്രകാരം 2,60,000/- പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമല്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (19/14.7.17) ബ്ലോക്കിന്റെ വിനിയോഗസർട്ടിഫിക്കറ്റ് ലഭിക്കുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-17 ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -പദ്ധതി പരിശോധനയിലെ അപാകതകൾ.

പ്രോജക്ട് നം 094/17

ചെലവഴിച്ച തുക 3,40,200

വികസനഫണ്ട് സാധാ(ബിൽനം) 1,70,100/-ബ്ലോക്ക് വിഹിതം(2952582/27-3-17),
1,70,100/-ജില്ലാപഞ്ചായത്ത് വിഹിതം(2804458/29-3-17)

1.മേൽ പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ 1,70,100/-രൂപയുടെ വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല.

2.ഹാജരാക്കിയ വിതരണരേഖകളിൽ(3,40,200/- 1,70,100/- എന്നീ തുകകളുടെ) ചുവടെ ചേർക്കുന്ന 7 വിദ്യാർത്ഥികൾക്ക് രണ്ടുഘട്ടങ്ങളിലായി 6,000/-, 3,000/- എന്നീ നിരക്കുകളിലായി ബാങ്കിൽനിന്നും തുകകൾ ട്രാൻസ്ഫർ ചെയ്തിരിക്കുന്നത് ഒരേ നമ്പരുകളിലാണെന്ന് കാണുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തുക ട്രാൻസ്ഫർ ചെയ്തിരിക്കുന്ന നമ്പർ | സ്റ്റേറ്റ്മെന്റിൽ നല്കിയിരിക്കുന്ന മൊബൈൽ നം | തുക (6000+ 3000 രണ്ട് തവണകൾ) |
|---|---|---|---|---|
| 1 | അഭിലാഷ്.ബി | 0272053000013696 | 996136789 | 9000 |
| 2 | ജോയൽ ജോൺസൺ | 0272053000013696 | 996136789 | 9000 |
| 3 | അലോണ മരിയ ലാലു | 0272053000013696 | 996136789 | 9000 |
| 4 | വേണു.ജി&അംബിക | 0272053000013696 | 8281449599 | 9000 |
| 5 | ക്രിസ്.പി.ഷാജി & സൂസമ്മ | 0272053000013696 | 9526397366 | 9000 |
| 6 | ജിബിൻതോമസ് &ബിന്ദു | 0272053000013696 | 9526397366 | 9000 |
| 7 | നിസ്സ.ബി &മുഹമ്മദ് ഷാഫി | 0272053000013696 | 9526397366 | 9000 |
| | | | | ആകെ- 63,000/- |

മേൽ വിഷയം സൂചിപ്പിച്ച് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, (19 a/14-3-17)മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ രേഖകളുടെ അഭാവത്തിൽ ₹.2,33,100/-(1,70,100+63,000/-) തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-18 കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ

1.ടിഷ്യുകൾച്ചർ വാഴതൈവിതരണം -വാഴതൈകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

മേൽ പദ്ധതിക്കായി ₹ 67,360/- (പ്രോജക്റ്റ് നം 60/17.വികസന ഫണ്ട്

50,520/-(ബിൽ നം5/30-3-17), ഗു.വി. 16,840/-)ഡിസ്ട്രിക്റ്റ് അഗ്രികൾച്ചറൽ ഫാം അഞ്ചലിൽ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ വാഴതൈകൾ ലഭിച്ചിട്ടില്ല. വാഴതൈകൾ ലഭ്യമാക്കി കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 50,520/- രൂപ തടസ്സപ്പെടുത്തുന്നു.

2.തെങ്ങിൻ തൈ വിതരണം-121 തെങ്ങിൻതൈകൾ വിതരണം ചെയ്യാനവശേഷിക്കുന്നു

മേൽ പദ്ധതിവഴി 951 തെങ്ങിൻതൈകൾ സ്റ്റേറ്റ് കോക്കനട്ട് നഴ്സറി ഫാം , കരുനാഗപ്പള്ളിയിൽനിന്നും [project no s0059/17 ₹ 1,18,875/-(വികസനഫണ്ട് ₹ 70,300/-തനതുഫണ്ട് ₹ 18,143/- ഗു.വി. ₹ 30,432/-) 67,360/- (വികസനഫണ്ട് 50,520/-, ഗു.വി. 16,840/-)] വാങ്ങി സ്റ്റോക്കിലെടുത്തിട്ടുള്ളതിൽ 121 എണ്ണം നിലവിലും വിതരണം ചെയ്യാനവശേഷിക്കുന്നു. തെങ്ങിൻതൈകൾ വൈകി ലഭിച്ചതിനാൽ വിതരണം നടന്നുകൊണ്ടിരിക്കുകയാണെന്നാണ് കൃഷിഓഫീസർ അറിയിച്ചിട്ടുള്ളത്. വിതരണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-19 സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം - അരി വിലയ്ക്ക് വാങ്ങിയത് സംബന്ധിച്ച്.

പ്രോജക്ട് നം. SO85/17 (അടങ്കൽ തുക വികസന ഫണ്ട് – 20,00,000/-രൂപ
കേന്ദ്രാവിഷ്കൃതം – 10,00,000/-രൂപ
ആകെ – 30,00,000/- രൂപ

മേൽ പദ്ധതിയുടെ ഫയൽ പരിശോധനയിൽ WBNP അരി ,ഗോതമ്പ് എന്നിവ അംഗൻവാടികളുടെ ആവശ്യകത അനുസരിച്ച് നാലുതവണകളായി ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ 2000kg ജയ അരിയും 885kg പച്ചരിയും വാങ്ങി വിതരണം ചെയ്തിരിക്കുന്നു. ഓരോ ക്വാർട്ടറുകളിലേക്കും ലഭ്യമാകുന്ന അരി,ഗോതമ്പ് എന്നിവ എഫ്.സി.ഐ കളിൽനിന്നും സിവിൽ സപ്ലൈസ് ഔട്ട്‌ലെറ്റുകളിലെത്തുന്ന വിവരം അതാത് ഐ.സി.ഡി.എസുകളെ മുൻകൂട്ടി അറിയിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് 2965kg WBNP അരി വരുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് 2000kg ജയഅരിയും 885kg പച്ചരിയും സപ്ലൈകോയിൽനിന്നും വാങ്ങുന്നതിന് ₹ 76,505/-(55,000/+21,505/-) ചെലവഴിച്ചിരിക്കുന്നത്. അരി തീർന്ന സാഹചര്യമോ അരി വിലയ്ക്കു വാങ്ങുന്നതിന് കമ്മിറ്റി തീരുമാനമെടുത്തതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 13/13.7.17) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക 76,505/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-20 വീടിന് സ്ഥലം -പിതാവിൽ നിന്നും മകൾ ഭൂമി വാങ്ങിയത്

മേൽ പദ്ധതിയുടെ അപേക്ഷകളുടെ പരിശോധനയിൽ ഒരു ഗുണഭോക്താവായ സജി/ഷൈനി എന്നിവരുടെ( ചിറയിൽ വീട് , ഇളമ്പള്ളൂർ) അപേക്ഷയിൽ ഇളമ്പള്ളൂർ വില്ലേജ് ഓഫീസറുടെ 28-10-16ലെ 4634/16ാം നം സാക്ഷ്യപത്രപ്രകാരം സജിയുടെയും ഭാര്യ ഷൈനിയുടെയുംപേരിൽ ഭൂമിയില്ലെന്നും ഷൈനിയുടെ പിതാവ് സോമന്റെ പേരിൽ 1.21 ആർ ( റീസർവ്വേ ബ്ലോക്ക് നം.17 റീസർവ്വേ നം 47/23, 47/28) ഭൂമിയുള്ളതായും വില്ലേജ് ഓഫീസർ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. മേൽ വ്യക്തികൾ പഞ്ചായത്ത് ധനസഹായമായ 1,50,000/-രൂപ ഉപയോഗിച്ച് വാങ്ങിയ ഭൂമിയുടെ രേഖകൾ പരിശോധിച്ചതിൽ മേൽ സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള അതേ ഭൂമി സോമന്റെ പക്കൽനിന്നും വാങ്ങിയതായി വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രത്തിൽനിന്നും ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. സബ്സിഡി മാർഗ്ഗരേഖപ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള മിനിമം സ്ഥലം പരമ്പരാഗത കുടുംബസ്വത്തിൽനിന്നോ അച്ഛൻ,അമ്മ എന്നിവരിൽനിന്നോ അനന്തരാവകാശമായി ലഭിക്കാൻ സാധ്യതയില്ലാത്തവരായിരിക്കണമെന്നും സ്ഥലത്തിന് അപേക്ഷിക്കുന്ന ഭാര്യാഭർത്താക്കന്മാരുടെ മാതാപിതാക്കളിൽനിന്നോ സഹോദരീസഹോദരന്മാരിൽനിന്നോ വാങ്ങുന്ന ഭൂമിയ്ക്ക് ധനസഹായം ലഭിക്കുകയില്ലെന്നും വ്യക്തമാക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയുടെ(18/14-3-17)മറുപടിയിൽ ഷൈനിയുടെ പിതാവിന്റെ പേര് സോളമൻ എന്നാണെന്നും ഭൂമി നല്കിയിരിക്കുന്ന വ്യക്തിയുടെ പേര് സോമൻ ആണെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നല്കിയിരിക്കുന്നത്.ഭൂമിയുടെ റീസർവ്വേ നം, സബ്ഡിവിഷൻ നം എന്നിവ സാക്ഷ്യപത്രത്തിലേതും പ്രമാണത്തിലേതും ഒന്നായതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.(നിലവിൽ സോമൻ ഭൂരഹിതനാവുകയും മേൽപദ്ധതിയിൽ അപേക്ഷിക്കുന്നതിന് യോഗ്യനായും മാറി.). അതിനാൽ തുടർപദ്ധതി നിർവ്വഹണത്തിൽ മേൽ അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-21 ലൈബ്രറി നടത്തിപ്പ് കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്

പഞ്ചായത്ത് ഓഫീസിനോടുചേർന്ന് വിവിധ മേഖലകളിലെ പുസ്തകങ്ങളുടെ വിപുലമായ ശേഖരമുള്ള ഒരു ഗ്രന്ഥശാലയുണ്ടെങ്കിലും ആയത് പൂർണ്ണമായ അർത്ഥത്തിൽ പ്രയോജനപ്പെടുത്തുവാൻ പൊതുജനങ്ങൾക്ക് കഴിയുന്നില്ല. ആയത് ഒരു ലൈബ്രേറിയന്റെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും പുസ്തകങ്ങളുടെ സ്റ്റോക്കരജിസ്റ്ററോ, ലിസ്റ്റുകളോ സൂക്ഷിക്കുന്നില്ല. എത്ര പുസ്തകങ്ങൾ ഗ്രന്ഥശാലയിലുണ്ടെന്ന് കൃത്യമായ കണക്കുകളും ഇല്ല. വർഷങ്ങളായി പുസ്തകങ്ങൾ പൊടിപിടിച്ച് അലക്ഷ്യമായി കിടക്കുന്ന അവസ്ഥയിലാണ്.

ഗ്രന്ഥശാലയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാവേണ്ടതുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രന്ഥശാല നടത്തിപ്പിൽ

പരിചയമുള്ളതോ അടിസ്ഥാനയോഗ്യതയുള്ളതോ ആയ ലൈബ്രേറിയന്റെ നിയമനം ഉണ്ടാവേണ്ടതും പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന സ്ഥലത്ത് കൃത്യമായ മാസവരിയും അംഗത്വഫീസും ഏർപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണെന്നും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-22 ആദ്യഗഡുക്കൾ കൈപ്പറ്റിയിട്ടും ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നമ്പർ 117/16

എസ്റ്റിമേറ്റ് - 5,25,000/- രൂപ

ചെലവ് - 5,22,500/- രൂപ

നിർവ്വഹണം - അസിസ്റ്റൻറ് സെക്രട്ടറി

ഭവനപുനരുദ്ധാരണത്തിനായുള്ള പ്രോജക്ടിൽ 17 പേർക്ക് 50,000/- രൂപാനിരക്കിൽ തുക അനുവദിച്ചിരുന്നു. ഇതിൽ 5 പേർ മാത്രമാണ് പണി പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടുള്ളത്. ബാക്കിയുള്ള 12 പേർ പണി പൂർത്തിയാക്കുകയോ അന്തിമ തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|
| 1 | ജാനമ്മ തെന്നൂർ | 30,000/- | 20,000/- |
| 2 | ഷീജ സി. | 40,000/- | 10,000/- |
| 3 | ശാന്തിനി | 35,000/- | 15,000/- |
| 4 | ഉഷ എൻ. | 12,500/- | 37,500/- |
| 5 | ബീന | 20000/- | 30,000/- |
| 6 | ഇന്ദിര | 20,000/- | 30,000/- |
| 7 | ഓമന | 20,000/- | 30,000/- |
| 8 | ബീന | 20,000/- | 30,000/- |
| 9 | തങ്കമ്മ | 20,000/- | 30,000/- |
| 10 | ശാരദ | 20,000/- | 30,000/- |
| 11 | ഉണ്ണിയമ്മ | 25,000/- | 25,000/- |
| 12 | ശ്രീലത | 20,000/- | 30,000/- |

പണി പൂർത്തിയാക്കുന്നതിന് നടപടികൾ ഉണ്ടാവേണ്ടതാണ്. അല്ലാത്തപക്ഷം മുൻകൂർ നൽകിയ തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-23 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -ജലസുഭിക്ഷ പദ്ധതിയോ സാധനഘടകങ്ങൾ ഉൾപ്പെടുന്ന ഇതര പ്രവൃത്തികളോഏറ്റെടുത്ത്

<u>നടപ്പിലാക്കുന്നില്ല</u>

സംസ്ഥാനത്തെ എല്ലാ കിണറുകളും സുസ്ഥിര ജലസമൃദ്ധ-ജലശുചിത്വ കിണറുകളാക്കി മാറ്റി ഭൂജലസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച "ജലസുഭിക്ഷ-സമ്പൂർണ കിണർ റീചാർജ് പദ്ധതി"മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കണമെന്നും ആയതിലേക്ക് സാധനസാമഗ്രികൾ പദ്ധതിയുടെ നിലവിലുള്ള പ്രൊക്യൂർമെന്റ് സംവിധാനംവഴി വാങ്ങണമെന്നും 09.11.16ലെ സ.ഉ.(കൈ)നം.161/16തസ്വഭവ ഉത്തരവിൽ വ്യക്തമാക്കുകയും 2016-17 ൽ ആരംഭിച്ച പദ്ധതിയുടെ ഒന്നാംഘട്ടത്തിൽത്തന്നെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തുകയും ചെയ്തുവെങ്കിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല.

സിമെന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണപ്രവൃത്തികൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാമെന്ന് 02.02.12ലെ സ.ഉ.(സാധാ)നം.334/12/ത.സ്വ.ഭ.വ.ഉത്തരവിൽ വ്യക്തമാക്കുകയും തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായതും ഉല്പാദനക്ഷമവുമായ സാമൂഹ്യആസ്തികളുടെ നിർമ്മാണവും ഉറപ്പാക്കുക എന്ന ലക്ഷ്യം നേടുന്നതിലേക്ക് തൊഴിലുറപ്പുപദ്ധതി പ്രവൃത്തികൾക്കായുള്ള സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.12ലെസ.ഉ.(കൈ)നം.93/12 /ത.സ്വ.ഭ.വ.ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. സ.ഉ(കൈ)നം.93/12/ത.സ്വ.ഭ.വ.ഉത്തരവിൽ നിർദ്ദേശിക്കുംപ്രകാരം സാധനസാമഗ്രികൾവാങ്ങി നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കണമെന്ന് 30.03.15ലെ ടി.ടി2/116/2015/എൽ.എസ്.ജി.ഡി.നമ്പർ സർക്കുലറിലും നിർദ്ദേശിച്ചിട്ടുണ്ട്.

ഓരോ ഗ്രാമപഞ്ചായത്തിലും വേതനം സാധനഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നിലനില്ക്കത്തക്കരീതിയിൽ സാധനഘടകങ്ങൾ ആവശ്യമുള്ള മറ്റുപ്രവൃത്തികളുടെകൂടെ പരമാവധി റോഡുപ്രവൃത്തികളും ഏറ്റെടുക്കണമെന്ന് 24.06.15ലെ സ.ഉ(കൈ)നം.202/15/ത.സ്വ.ഭ.വ.ഉത്തരവിൽ വ്യക്തമാക്കുകയും 2015-16ൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിപ്രകാരമുള്ള വിവിധ പ്രവൃത്തികൾക്ക് ജില്ലാതല പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ച് നൽകിയ സാധനസാമഗ്രികൾക്കുള്ള വിലകളും വിദഗ്ധ/അർദ്ധവിദഗ്ധ തൊഴിലാളികൾക്കുള്ള കൂലിയും 20.07.15 ലെ എ1.539/15നമ്പർ കത്തുപ്രകാരം ജോ.ഡെ.കമ്മീഷണർ അറിയിക്കുകയും ചെയ്തുവെങ്കിലും സാധനഘടകങ്ങൾ ഉപയോഗിച്ചുള്ള യാതൊരു പ്രവൃത്തികളും ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

മേൽ സൂചന അപാകതയിൻമേൽ രേഖാമൂലമുള്ള വിശദീകരണം തേടി 12-7-17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 7ന് നൽകിയ മറുപടിയിൽ

ജലസുഭിക്ഷപദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ ശില്പശാല നടത്തിയെന്നും 2017-18ൽ കിണർ റീചാർജിംഗനായി ടെണ്ടർ നടത്തിയെന്നും 90 കിണറുകളുടെ റീച്ചാർജിംഗ്പണി ഇപ്പോൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണെന്നും ഈ സാമ്പത്തികവർഷത്തിൽ റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി സാധനഘടകങ്ങൾ ഉൾപ്പെടുന്ന നിർമാണപ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-24 കെട്ടിട നിർമ്മാണ പ്രോജക്ടുകൾ - മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല

ഒരു കെട്ടിടനിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്നും ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തി കെട്ടിടത്തിന്റെ സ്ട്രക്ചർ ആയി കഴിഞ്ഞാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടി പ്രവൃത്തികൾ ചെയ്യണമെന്നും തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അങ്ങനെ തയ്യാറാക്കിയാൽ അതിന് അംഗീകാരം നൽകുവാനോ പാടില്ല എന്ന 11.01.16ലെ സ.ഉ(എം.എസ് )നം.4/16 /തസ്വഭവ ഉത്തരവുപ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിയ്ക്കെ അസിസ്റ്റന്റ് എൻജിനീയർ നിർവഹണോദ്യോഗസ്ഥയായി നിർവഹണം നടത്തിയ വിവിധ അങ്കണവാടി കെട്ടിടനിർമാണപ്രോജക്ടുകളിൽ ഇലക്ട്രിഫിക്കേഷന് തുക വകയിരുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി കെട്ടിടനിർമാണം പൂർത്തിയാക്കി. (പ്രോ.നം.37/17-ആറാം വാർഡിൽ അങ്കണവാടി നിർമാണം,പ്രോ.നം.42/17- നാലാം വാർഡിൽ അങ്കണവാടിനിർമാണം) മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി 13.07.17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.15-ന് മേലിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ഇപ്രകാരമുള്ള ഐറ്റങ്ങൾകൂടി ഉൾപ്പെടുത്തുന്നതിന് തുക വകയിരുത്തുന്നതാണെന്നും തുടർന്നുവരുന്നവർഷങ്ങളിൽ മേൽസൂചന അങ്കണവാടികളുടെ ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 3-25 അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി-സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക ഈടാക്കിയിട്ടില്ല

പൊതുമരാമത്തുപ്രവൃത്തികൾ എസ്റ്റിമേറ്റ് തുകയേക്കാൾ 10%ൽ അധികം കുറഞ്ഞ തുകയ്ക്ക് കരാർ ഉറപ്പിച്ച് നൽകിയാൽ ക്വോട്ട് ചെയ്ത തുക x ആയി കണക്കാക്കി എസ്റ്റിമേറ്റ് തുകയുടെ x-10% വരുന്ന തുക അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടിയായി ഈടാക്കണമെന്ന് 03.02.16ലെജി.ഒ(പി)നം.19/16/ധന. ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ആയത് പാലിയ്ക്കാതെ അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥയായ വിവിധ പ്രവൃത്തികൾക്ക് കുറഞ്ഞ നിരക്കിലാണ് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഈടാക്കിടിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | പ്രോ.നം./ പേര് | എസ്റ്റിമേറ്റ് തുക. | ക്വോട്ട് ചെയ്ത തുക | പെർഫോമൻസ് ഗ്യാരണ്ടി വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | ഒടുക്കേണ്ട തുക | ഒടുക്കിയ തുക |
| 1. | 127/17.സെറ്റിൽമെന്റ് കോളനി തീപ്പെട്ടിക്കമ്പനി റോഡ് റീകോൺക്രീറ്റിംഗ് | 5,78,000/- | 25.446% below | 89,278/- | 66,600/- |
| 2. | 106/17.കുഴിവിള ജം.മേലേടത്ത് ഏലാ റോഡ് കോൺക്രീറ്റിംഗ്. | 3,91,000/- | 25% below | 58,650/- | 19,100/- |
| 3. | 102/17.തലപ്പറമ്പ് ജം.മാടൻകാവ് റോഡ് കോൺക്രീറ്റ്. | 4,25,000/- | 25% below | 63,750/- | 47,500/- |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി 13.07.17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.15-ന് ശ്രദ്ധക്കുറവുമൂലമുണ്ടായ പിഴവാണെന്നും മേലിൽ അപാകത സംഭവിയ്ക്കാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവു പ്രകാരമുള്ള തുക അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടിയായി ഈടാക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ് .

## 3-26 ഫണ്ടുകളുടെ വിനിയോഗത്തിൽ ഗുരുതര വീഴ്ച -2,16,86,791/-രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ സംസ്ഥാന ബജറ്റ് വിഹിതമായി തൻവർഷം അനുവദിച്ച് നല്കിയ

2,16,86,791/-ചെലവഴിക്കപ്പെട്ടിട്ടില്ല.

സാമൂഹികനീതിയും സാമ്പത്തികവികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്കായി സർക്കാർ ഗ്രാമപഞ്ചായത്തിന് തൻവർഷം അനുവദിച്ച് നൽകിയ ഗ്രാന്റുകളുടെയും ഫണ്ടുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷിക പദ്ധതി പ്രകാരം വകയിരുത്തിയ തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കപ്പെടാത്തതിനാൽ നഷ്ടമായ തുക |
|---|---|---|---|
| 1,70,09,290/- | 1,54,33,324/- | 1,40,59,218/- | 13,74,106/- |
| 1,50,39,476/- | 1,30,60,407/- | 90,11,875/- | 40,48,532/- |
| 87,39,846/- | 86,55,211/- | 48,61,583/- | 37,93,628/- |
| 45,36,909/- | 30,01,443/- | 0 | 30,01,443/- |
| 62,82,537/- | 41,71,296/- | 18,25,906/- | 23,45,390/- |
| 96,65,597/- | 91,80,597/- | 20,56,905/- | 71,23,692/- |
| ആകെ | | | 2,16,86,791/- |

സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുംവിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതിനിർവ്വഹണത്തിലെ വീഴ്ചകൾമൂലമാണ് ₹ 2,16,86,791/- ചെലവഴിക്കാൻ കഴിയാതെവന്നത്.മേൽ അപാകതയിന്മേൽ വിശദീകരണം തേടി 03.07.17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.1-ന് തൻവർഷം ചെലവഴിയ്ക്കപ്പെടാതെ ശേഷിച്ചതുകയിൽ 1,69,62,586/-രൂപ സ്പിൽഓവർ പദ്ധതികളിൽ ഉൾപ്പെടുത്തി നിലനിർത്തിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2015-16, 2016-17 വാർഷികപദ്ധതികളിൽ ഏറ്റെടുത്ത പദ്ധതികൾ 2017-18-ൽ സ്പിൽ ഓവർ ആയി തുടരുമ്പോൾ പേയ്മെന്റ് നൽകുന്നത് സംബന്ധമായി അനുവാദവും നിയന്ത്രണവും ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച 25.04.17ലെ ജി.ഒ.(എം.എസ്.)നം.3631/17/ധന, 28.04.17ലെ ജി.ഒ.(എം.എസ്.) നം.3689/17/ ധനഉത്തരവുകളും 11.05.17ലെ ഡി.എ.1/279/17.തസ്വഭവ സർക്കുലറും പരിഗണിച്ച് സമുചിതമായ പദ്ധതികൾ തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കുവാനും

സർക്കാർ അനുവദിച്ച് നൽകുന്ന ഗ്രാന്റുകളും ഫണ്ടുകളും നിയമാനുസൃത സമയപരിധിക്കുള്ളിൽ ചെലവഴിക്കുവാനും നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 83,100/- | 52/17 | 83,100/- | |
| ബ്ലോക്ക് പഞ്ചായത്ത് | " | 49,500/-<br>29,700/- | 53/17 | 49,500/-<br>29,700/- | |
| ബ്ലോക്ക് പഞ്ചായത്ത് | " | 1,70,100/-<br>1,70,100/- | 94/17 | 1,70,100/-<br>1,70,100/ | |
| ബ്ലോക്ക് പഞ്ചായത്ത് | | 4,48,910/- | 79/17 | 4,48,910/- | |
| ബ്ലോക്ക് പഞ്ചായത്ത് | | 70,00,00/- | 18/17 | 7,00,000/- | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ്വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | ചാങ്ങയിൽ കുടിവെള്ള പദ്ധതി. | | 4,53,000/- | - | 4,53,000/- |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പുപ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3.11.5 | 2012 | 71 | കൺവീനർമാർക്ക് നല്കിയ മുൻകൂർ തുക ക്രമപ്പെടുത്തിയിട്ടില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണന യിലാണ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,80,22,460 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,10,73,364 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 37,504/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 34,24,245/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 26,704/- | ശ്രീ.പി.ഒ.മാത്യു.,സെക്രട്ടറി |
| 3-6 | | 7,408/- | " |
| 3-14 | | 3,392/- | ശ്രീ.ജയപ്രകാശ്,വി.ഇ.ഒ സർക്കിൾ -1 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 4,53,000/- | ശ്രീ.പി.ഒ.മാത്യു.,സെക്രട്ടറി |
| 3-3 | 80,000/- | ശ്രീ.പി.ഒ.മാത്യു.,സെക്രട്ടറി |
| 3-4 | 1,00,000/- | ശ്രീ.പി.ഒ.മാത്യു.,സെക്രട്ടറി |
| 3-7 | 2,10,000/- | ശ്രീ.പി.ഒ.മാത്യു.,സെക്രട്ടറി |
| 3-9 | 3,00,000/- | ശ്രീമതി.ജയശ്രീ.ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-10 | 2,10,808/- | ഡോ.ഷമ്മി. മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-11 | 6,25,000/- | ഡോ.പ്രദീപ് ,വെറ്റിനറി സർജൻ |
| 3-12 | 7,98,269/- | ഡോ.അനൂപ്, മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |
| 3-13 | 22,400/- | ശ്രീമതി.ഗ്രേസി തോമസ്,ഹെഡ്മിസ്ട്രസ് |
| 3-15.1 | 4,643/- | ശ്രീമതി.ലത.എസ്, അസി.സെക്രട്ടറി |
| 3-16 | 2,60,000/- | ശ്രീമതി.ലത.എസ്, അസി.സെക്രട്ടറി |
| 3-17 | 2,33,100/- | ശ്രീമതി.ജയശ്രീ.ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-18 | 50,520/- | ശ്രീ .താഹ,കൃഷി ഓഫീസർ |
| 3-19 | 76,505/- | ശ്രീമതി.ജയശ്രീ.ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും<br>ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ശ്രീ.പി.ഒ.മാത്യൂ,സെക്രട്ടറി | മുക്കടവിൽ,ഈസ്റ്റ് കല്ലട,ചിറ്റുമല.പി.ഒ | പെർഫോമൻസ് ഓഡിറ്റ് ,കൊല്ലം |
| ,, | ,, | ,, |
| ശ്രീ.ജയപ്രകാശ്,വി.ഇ.ഒ | അശ്വതി,തഴുത്തല,കൊട്ടിയം | വി.ഇ.ഒ,ഇളമ്പള്ളൂർ |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ്<br>വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച<br>ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2001-2002 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2002-2003 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2003-2004 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2004-2005 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2005-2006 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2006-2007 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2007-2008 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |
| 2008-2009 | എൽ.എഫ്.ക്യൂ.പി.7/1346/14/ 20.06.2014 | |

| | | |
|---|---|---|
| 2009-2010 | എൽ.എഫ്.ക്യു.പി.7/1346/14/ 20.06.2014 | |
| 2010-2011 | എൽ.എഫ്.ക്യു.പി.7/1346/14/ 20.06.2014 | |
| 2011-2012 | എൽ.എഫ്.ക്യു.പി.7/1346/14/ 20.06.2014 | |
| 2014-15 | കെ.എസ്.എ-കെ.എൽ.എം-പി.7/114514 /21.07.2016 | |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി.1/49/17/10.2.2017 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.7/1373/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –09/10/2017

സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം

ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.